# ലൈഫ് ഇൻഷുറൻസ് സൗജന്യമായി!

- വൈദ്യപരിശോധന വേണ്ടാ,
  പ്രായപരിധി ഇല്ല
- സകലർക്കും ലഭ്യമാണ്
- മറ്റൊരാൾ പ്രീമിയം അടച്ചുകഴിഞ്ഞു
- സകലർക്കും അത് ആവശ്യം
- നിങ്ങളാണ് ഗുണഭോക്താവ്

ഔദ്യോഗിക മുദ്ര

*നിങ്ങൾക്കു തള്ളിക്കളയാനാവാത്ത ഒരു വാഗ്ദാനമാണിത്!*

**ചി**ല മോട്ടോർ വാഹന വില്പനക്കാർ 50,000 രൂപാ വരെ *സൗജന്യമായി* അപകട ഇൻഷുറൻസു വാഗ്ദാനം ചെയ്യാറുണ്ട്. എന്നാൽ നിങ്ങൾക്കു പരിധിയില്ലാത്ത ഇൻഷുറൻസ് *സൗജന്യമായി* ലഭിക്കുവാനുള്ള ഒരു സാദ്ധ്യതയേക്കുറിച്ചു ഞാൻ നിങ്ങളോടു പറയട്ടെ!

## മെഡിക്കൽ വേണ്ടാ, പ്രായം പ്രശ്നമല്ല

അനേകം വർഷങ്ങളായി ആളുകൾ ഈ പദ്ധതിയുടെ പ്രയോജനം അനുഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും, വൈദ്യ പരിശോധനകൾ ഒന്നും തന്നെ ആവശ്യമായി വരുന്നില്ല, പ്രായ പരിധിയും നിർദ്ദേശിച്ചിട്ടില്ല. *നിങ്ങളേപ്പോലെയുള്ള* ആളുകൾക്കുവേണ്ടിയാണിത്.

## സകലർക്കും ലഭ്യമാണ്

*ഈ* വാഗ്ദാനം പ്രയോജനപ്പെടുത്തുന്നതിൽ നിന്നും ആരേയും ഒഴിവാക്കിയിട്ടില്ല. ചെലവു കൂടാതെയും ജാതിമത, വർണ്ണ, ആൺ പെൺ വ്യത്യാസമില്ലാതെയും, എന്തു വിശ്വസിക്കുന്നു എന്നത് ഗണ്യമാക്കാതെയും, എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം അനുഭവിക്കാം.

## മറ്റൊരാൾ പ്രീമിയം അടച്ചിരിക്കുന്നു

നമ്മിൽ മിക്കവർക്കും ഇൻഷുറൻസ് പദ്ധതികളുടെ പ്രയോജനത്തേക്കുറിച്ച് അറിവുള്ളവരാണ്; നമ്മുടെ പ്രിയപ്പെട്ടവരുടെ സംരക്ഷണത്തിനായി ആവുന്ന വിധത്തിൽ നാം കരുതൽ ചെയ്യാറുണ്ട്. *ഈ* ലൈഫ് ഇൻഷുറൻസ് അതിലും പ്രാധാന്യം അർഹിക്കുന്നു, കാരണം അത് *നിത്യമായ ലൈഫ് ഇൻഷുറൻസ്* അത്രേ. നമ്മിൽ അനേകരും ഈ ലോകത്തിലെ ജീവൻ ഇൻഷുർ ചെയ്യുവാൻ ശ്രദ്ധിക്കുന്നുണ്ടെങ്കിലും, മരണാനന്തര ജീവിതത്തെ കാര്യമായി എടുക്കുവാൻ കൂട്ടാക്കുന്നില്ല. അതിനായി ഒരുങ്ങിയാൽ മാത്രമേ സൗജന്യ ഇൻഷുറൻസ് എടുക്കുവാൻ കഴിയൂ - അതായത്, നിങ്ങളുടെ പാപങ്ങൾ കഴുകി ശുദ്ധീകരിക്കപ്പെട്ട്, നിത്യമായ ജീവിതം സ്വർഗ്ഗത്തിൽ ചെലവഴിക്കാമെന്ന് ഉറപ്പു വരുത്താം. നമ്മിൽ മിക്കവരും സണ്ടേസ്ക്കൂളിൽ പഠിച്ചിട്ടുള്ള ഒരു വേദവാക്യം ഉണ്ട്, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).

## ഓരോരുത്തർക്കും ഇത് ആവശ്യം

തന്റെ സ്വന്തം യോഗ്യതകളുടെ അടിസ്ഥാനത്തിൽ ആർക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കുകയില്ല. കാരണം, "കൃപയാലല്ലോ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്; *ആരും പ്രശംസിക്കുവാൻ പ്രവൃത്തികളും കാരണമല്ല*" (എഫേസ്യർ 2:8,9). "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമ 3:23) എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നു. അതിനാലാണ് സ്വർഗ്ഗത്തിലേക്കുള്ള ഒരേ ഒരു വഴി കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണെന്നു പറഞ്ഞിരിക്കുന്നത്. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്നെക്കൂടാതെ ആരും പിതാവിന്റെ സന്നിധിയിൽ എത്തുന്നില്ല" (യോഹന്നാൻ 14:6) എന്നും സൂചിപ്പിച്ചിരിക്കുന്നു.

## പ്രയോജനം നിങ്ങൾക്കാണ്

ലൈഫ് ഇൻഷുറൻസ് എടുത്താൽ അതിന്റെ പ്രയോജനം ജീവിച്ചിരിക്കുന്ന മറ്റാർക്കെങ്കിലുമൊക്കെ ആയിരിക്കും. *ഈ* ഇൻഷുറൻസിന്റെ ഗുണം നിങ്ങൾക്കു തന്നെ ആയിരിക്കും! പാപം മുഖാന്തിരം നമുക്ക് ദൈവസന്നിധിയിലേക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു എന്നു നാം മനസ്സിലാക്കണം - "പാപത്തിന്റെ ശമ്പളം മരണം" (റോമർ 6:23) - "യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്നു" (1 തിമോഥയോസ് 1:15) എന്ന വസ്തുത നാം ശ്രദ്ധിക്കണം. അതേ, ദൈവം തന്റെ പരിശുദ്ധ പുത്രൻ യേശുവിനെ, നമ്മുടെ പാപങ്ങൾക്കു

വേണ്ടി ക്രൂശിൽ യാഗമായിത്തീരുവാൻ അയച്ചുതന്നു. "ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"(1 യോഹന്നാൻ 1:7). അതിനാൽ, ക്രിസ്തുവിന്റെ മരണം നിമിത്തം നിങ്ങൾക്ക് നിത്യജീവന്റെ പ്രയോജനം ലഭ്യമാകുന്നു എന്ന് ഓർത്തുകൊള്ളുക!

## എല്ലാവരും യോഗ്യർ

"അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കാം"(യോഹന്നാൻ 3:16) എന്നു നാം കണ്ടു കഴിഞ്ഞു. ഇപ്പോൾ തന്നെ തല വണക്കി ലളിതമായ വിശ്വാസത്തിൽ, നിങ്ങൾ വഴി തെറ്റിയ ഒരു പാപി ആകുന്നു എന്ന് സമ്മതിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയില്ലേ? നിങ്ങളെ കഴുകി ശുദ്ധീകരിച്ച് നിത്യജീവൻ നൽകുവാൻ യേശു നിങ്ങൾക്കായി ക്രൂശിൽ മരിച്ചു എന്നു വിശ്വസിക്കുക.

## ഇപ്പോൾതന്നെ അവകാശം കൈവശമാക്കുക

ഒരുവൻ മരിച്ചുകഴിഞ്ഞാൽ പിന്നെ സ്വർഗ്ഗത്തിൽ എത്തുവാൻ ഒരു അവസരം ലഭിക്കുമെന്ന് ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ല."*ഇപ്പോൾ* ആകുന്നു സുപ്രസാദകാലം; *ഇപ്പോൾ* ആകുന്നു രക്ഷാദിവസം" (2 കൊരിന്ത്യർ 6:2). തീരുമാനം മാറ്റി വയ്ക്കരുത്. ദൈവത്തിന്റെ സൗജന്യമായ പാപക്ഷമ സ്വീകരിച്ച് ഇപ്പോൾതന്നെ നിത്യജീവൻ ഉറപ്പുവരുത്തുക. "ദൈവത്തിന്റെ സൗജന്യദാനം കർത്താവായ യേശുവിലുള്ള നിത്യജീവൻ തന്നെ" (റോമർ 6:23). – *W.Weir*

**പ്രത്യാശാദീപം**
മേഴ്സിഹോം, ചേപ്പാട് പി.ഒ
ആലപ്പുഴ ജില്ല 690 507